"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പയുടെ പലിശ - തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(കൈ) നം.12/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1. 31/03/2018ലെ സ.ഉ(സാധാ) നം. 936/2018/തസ്വഭവ നമ്പർ ഉത്തരവ്.

2. 13/11/2018ലെ സ.ഉ(കൈ) നം. 167/2018/തസ്വഭവ നമ്പർ ഉത്തരവ്.

3. 31/01/2019ലെ സ.ഉ(കൈ) നം. 11/2019/തസ്വഭവ നമ്പർ ഉത്തരവ്.

4. 11/10/2019ലെ സ.ഉ(കൈ) നം.124/2019/തസ്വഭവ നമ്പർ ഉത്തരവ്.

5. 31/03/2020ലെ സ.ഉ(കൈ) നം. 58/2020/തസ്വഭവ നമ്പർ ഉത്തരവ്.

6. 19/08/2020ലെ സ.ഉ(കൈ) 123/2020/തസ്വവഭവ നമ്പർ ഉത്തരവ്.

7. 15/09/2020ലെ സ.ഉ(കൈ) നം.139/2020/തസ്വഭവ നമ്പർ ഉത്തരവ്.

8. 29/07/2020ലെ സ.ഉ(സാധാ) നം. 4381/2020/ധന നമ്പർ ഉത്തരവ്.

9. പഞ്ചായത്ത് ഡയറക്ടറുടെ 05/01/2020ലെ PAN/22753/2018-J2(DP) നമ്പർ കത്ത്.

10. ഗ്രാമവികസനകമ്മീഷണറുടെ 07/12/2020ലെ 11749/എച്ച് & റ്റി1/2020/സി.ആർഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ പാവപ്പെട്ട ഭവനരഹിതർക്ക് വീടും, ഭൂരഹിതഭവന രഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാരംഭിച്ച ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ചിരുന്നു. ഇ.എം.എസ് ഭവന വായ്പാ പദ്ധതിക്കായി മുതൽ സംഖ്യ 10 തുല്യ ഗഡുക്കളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പലിശ സർക്കാരും അടച്ച് തീർക്കണമെന്ന വ്യവസ്ഥയിലാണ് ഇപ്രകാരം വായ്പ അനുവദിച്ചത്.

2. പരാമർശം (5) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയുടെ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തിരിച്ചടവ് വരുത്തുന്നതിനായി അവസാനമായി 2 കോടി രൂപ അനുവദിച്ചിരുന്നു.

3. പരാമർശം (9) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇ.എം.എസ് ഭവന പദ്ധതി വായ്പയുടെ പലിശയിനത്തിൽ 75,75,03,050/- രൂപ കൂടി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (8) പ്രകാരം 2216-80-800-89, ഇ.എം.എസ് ഭവന പദ്ധതി സഹകരണ ബാങ്കുകളിൽ നിന്നും വാണിജ്യബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ പലിശ ബാധ്യത ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം എന്ന ശീർഷകത്തിൽ അനുവദിച്ച 8 കോടി രൂപ (എട്ട് കോടി രൂപ മാത്രം) ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ടും, ടി തുക മാറി നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു. മേൽ തുക കേരള ബാങ്കിനുള്ള (ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്ക് ആയ സാഹചര്യത്തിൽ) കുടിശ്ശിക തിരിച്ചടക്കുന്നതിനു വേണ്ടി മാത്രം വിനിയോഗിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

4. ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ബാക്കി അനുവദിക്കേണ്ട പലിശ തുകയുടെ കൃത്യമായ

വിശദവിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട എല്ലാ സഹകരണ ബാങ്ക് അധികാരികൾക്കും ( സഹകരണ സംഘം രജിസ്ട്രാർ മുഖേന)

ധനകാര്യവകുപ്പിന് (Dev-2/89/2018-FIN(795309) പ്രകാരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BEENAMMA P A
Date: 2021.01.20 16:11:56 IST
Reason: Approved
സെക്ഷൻ ഓഫീസർ